# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

ECHO OF HIS CALL 1968-2018 GOLDEN JUBILEE

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Mr. Benjamin Moses

Vol. XXVIII | YEAR OF OUR LORD JESUS CHRIST, JUNE 2022 | No. 8


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

സദൃശവാക്യങ്ങൾ 4:1–10

01. മക്കളേ, അപ്പന്റെ പ്രബോധനം കേട്ടു വിവേകം പ്രാപിക്കേണ്ടതിന്നു ശ്രദ്ധിപ്പിൻ.
02. ഞാൻ നിങ്ങൾക്കു സൽബുദ്ധി ഉപദേശിച്ചു തരുന്നു; എന്റെ ഉപദേശം നിങ്ങൾ ഉപേക്ഷിക്കരുത്.
03. ഞാൻ എന്റെ അപ്പന്നു മകനും എന്റെ അമ്മെക്കു ഓമനയും ഏക പുത്രനും ആയിരുന്നു.
04. അവൻ എന്നെ പഠിപ്പിച്ചു, എന്നോടു പറഞ്ഞതു: എന്റെ വചനങ്ങളെ ഹൃദയത്തിൽ സംഗ്രഹിച്ചുകൊൾക; എന്റെ കല്പനകളെ പ്രമാണിച്ചു ജീവിക്ക.
05. ജ്ഞാനം സമ്പാദിക്ക; വിവേകം നേടുക; മറക്കരുതു; എന്റെ വചനങ്ങളെ വിട്ടുമാറുകയുമരുത്.
06. അതിനെ ഉപേക്ഷിക്കരുതു; അതു നിന്നെ കാക്കും; അതിൽ പ്രീയം വെക്കുക; അതു നിന്നെ സൂക്ഷിക്കും.
07. ജ്ഞാനം തന്നെ പ്രധാനം; ജ്ഞാനം സമ്പാദിക്ക; നിന്റെ സകല സമ്പാദ്യത്താലും വിവേകം നേടുക.
08. അതിനെ ഉയർത്തുക; അതു നിന്നെ ഉയർത്തും; അതിനെ ആലിംഗനം ചെയ്താൽ അതു നിനക്കു മാനം വരുത്തും.
09. അതു നിന്റെ തലയെ അലങ്കാരമാല അണിയിക്കും; അതു നിന്നെ ഒരു മഹത്വ കിരീടം ചൂടിക്കും.
10. മകനേ, കേട്ടു എന്റെ വചനങ്ങളെ കൈക്കൊൾക; എന്നാൽ നിനക്കു ദീർഘായുസ്സുണ്ടാകും.

# നിന്റെ വിലാപം സന്തോഷമായി മാറും (സങ്കീർത്തനം 30:11)

## YOUR MOURNING WILL TURN INTO JOY (PSALM 30:11)

**പാസ്റ്റർ. സാം സെൽവരാജ് മുഖ്യ സഭയിൽ നൽകിയ സന്ദേശം**

പ്രതികൂലങ്ങൾ വരുമ്പോൾ നാം ആശ്വാസത്തിനായി സുഹൃത്തുക്കളെയോ ഡോക്ടർമാരെയോ സമീപിക്കുമ്പോൾ അവരൊക്കെ സ്ഥിരമായി പറയുന്നത്: “വിഷമിക്കേണ്ട, എല്ലാം ശരിയാകും, കാലക്രമേണ നിങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടും” എന്നായിരിക്കും. അനേകം ദൈവമക്കൾ ദുഃഖത്തിലും വേദനയിലും കഷ്ടതയിലും ജീവിക്കുന്നു. പ്രശ്നങ്ങൾ പെരുകുമ്പോൾ നമുക്ക് പ്രതീക്ഷ നഷ്ടപ്പെടുന്നു. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ കരുതലും നടത്തിപ്പും നാം മനസ്സിലാക്കാത്തിടത്തോളം നാം വളരെയധികം ഭാരപ്പെടുന്നു. ഉദാഹരണമായി, ലോകം മുഴുവനുമുള്ള ജനങ്ങൾ കോവിഡ് 19 കാരണം വളരെയധികം കഷ്ടതയനുഭവിച്ചു. ഏതൊരു ദുഃഖവും, കുഴപ്പങ്ങളും, രോഗാവസ്ഥയുമെല്ലാം വേദനാജനകമാണ്. നമ്മുടെ ജീവിതത്തിൽ സംഭവിച്ച ദുഃഖകരമായ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ നാം ഇങ്ങനെ വിചാരിക്കുന്നു: “ഇത് കർത്താവ് അറിയാതെയാണോ സംഭവിച്ചത്? കർത്താവ് എന്റെ പ്രശ്നങ്ങളെ ശ്രദ്ധിക്കുന്നില്ലേ?” പക്ഷെ ഒരു കാര്യം നാം മനസ്സിലാക്കണം. കർത്താവ് അറിയാതെ നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കുന്നില്ല. അത്തരം വേദനാജനകമായ അവസ്ഥയിലൂടെ നാം കടന്നുപോകുമ്പോൾ ദൈവം സങ്കടങ്ങളെയും പ്രയാസങ്ങളെയുമെല്ലാം സന്തോഷമാക്കി മാറ്റും. അതിനാൽ, നിങ്ങളുടെ ഇപ്പോഴത്തെ ദുഃഖം സന്തോഷമായി മാറും. ഭയപ്പെടേണ്ടതില്ല! **“...എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായിത്തീരും”** (യോഹന്നാൻ 16:20).

മത്തായി 5:4 ൽ നാം ഇങ്ങനെ വായിക്കുന്നു: “ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു ആശ്വാസം ലഭിക്കും”. ഈ ലോകത്തിന്റെ എല്ലാ സുഖങ്ങളും അനുഭവിക്കുന്നവരാണ് ഭാഗ്യവാന്മാർ എന്നാണ് നാം ധരിച്ചിരിക്കുന്നത്. പക്ഷെ, ദുഃഖിക്കുന്നവരാണ് ഭാഗ്യവാന്മാരെന്ന് കർത്താവ് പറയുന്നു. അത് വിചിത്രമല്ലേ? കർത്താവ് ദുഃഖം സന്തോഷമാക്കിത്തീർക്കും എന്നുള്ളതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. ഇത് ജനങ്ങൾക്ക് അംഗീകരിക്കാൻ ബുദ്ധിമുട്ടാണ്.

നിശബ്ദവും വിഷാദമായ മാനസികാവസ്ഥ എന്നത് അഗാധമായ ദുഃഖത്തിൽ കഴിയുന്ന ഒരാളുടെ അവസ്ഥയാണ്. തൊഴിലില്ലായ്മ, രോഗം, പണമില്ലായ്മ, ജോലി സ്ഥലത്തെയും കുടുംബത്തിലെയും പ്രശ്നങ്ങൾ, ഭാവിയെക്കുറിച്ചുള്ള ആശങ്ക എന്നിവ ദുഃഖങ്ങൾക്കു കാരണമാകാം. നമ്മുടെ ദുഃഖം എന്തായാലും അത്തരം പ്രയാസങ്ങളിലൂടെ കടന്നുപോകുന്നവർ ഭാഗ്യവാന്മാർ എന്നാണ് കർത്താവ് പറയുന്നത്. കർത്താവ് മുമ്പു പറഞ്ഞ കാര്യങ്ങൾ ഇന്നും പ്രസക്തമാണ്. അതിനാൽ സന്തോഷത്തോടെയായിരിപ്പിൻ. **“അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ”** (1പത്രൊസ് 5:6).

*3-ാം പേജിൽ തുടരും...*

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

## *from your dearly beloved brother...*




(ECHO GROUP)



**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷ ത്തിന്റെ ആവശ്യവും.


**CHIEF EDITOR**
Angeline Selvakumari Henry, M.A., M.Ed.

**MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**
Bro. N. Prakasam, M.A., General Manager

**EDITORIAL BOARD**
Sis. Jesy Veena Sam
Bro. M. Paulraj, M.A., B.Ed.
Sis. Serena Bevin, M.A., M.Phil., B.Ed.



**EDITOR, PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858

**E.mail ID**
sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**
Echo of His Call


**അവൻ നിന്റെ ദേശത്തു സമാധാനം വരുത്തുന്നു; വിശേഷമായ കോതമ്പുകൊണ്ടു നിനക്കു തൃപ്തി വരുത്തുന്നു - സങ്കീർത്തനങ്ങൾ 147:14**

ക്രിസ്തുവിൽ പ്രിയരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ സമാനതകളില്ലാത്ത നാമത്തിൽ ഞങ്ങൾ നിങ്ങളെ അഭിവാദ്യം ചെയ്യുന്നു. ഇന്നുവരെയും ഞങ്ങളെ അത്ഭുതകരമായി നടത്തിയ നമ്മുടെ കർത്താവായ ദൈവത്തിന് സ്തുതിയും സ്തോത്രവും കരേറ്റുന്നു.

### വിളിയുടെ പ്രതിധ്വനി മാസിക

യേശുക്രിസ്തുവിന്റെ അവാച്യമായ കരുണയാൽ 16 ഭാഷകളിലെ നമ്മുടെ വിളിയുടെ പ്രതിധ്വനി മാസിക അച്ചടിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. ഈ ശുശ്രൂഷയെ ഓർത്ത് പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യുന്ന നിങ്ങളെ ഓരോരുത്തരെയും ദൈവം സമൃദ്ധിയായി അനുഗ്രഹിക്കട്ടെ. വിവിധ ഭാഷകൾ സംസാരിക്കുന്നവർ ഈ മാസികയിലൂടെ സ്പർശിക്കപ്പെടുന്നത് ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

### നെഹെമ്യ റെസിഡൻഷ്യൽ ബൈബിൾ കോളേജ് (ഹിന്ദി)

ഹിന്ദി ഭാഷയിൽ പുരുഷന്മാർക്കായുള്ള നമ്മുടെ റെസിഡൻഷ്യൽ ബൈബിൾ കോളേജിലേക്ക് ചില വിദ്യാർത്ഥികളെ കൂടി ആവശ്യമുണ്ട്. ക്ലാസ്സുകൾ 2022 ജൂൺ 6 മുതൽ ആരംഭിക്കുന്നു. യോഗ്യരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസവും താമസവും ആഹാരവും സൗജന്യമായി സ്കോളർഷിപ്പായി നൽകുന്നു. ദയവായി ഈ വിവരം കത്തുകളിലൂടെയോ വാട്ട്സ്ആപ്പിലൂടെയോ നിങ്ങളുടെ സുഹൃത്തുക്കൾക്കും നിങ്ങളുടെ പ്രാർത്ഥനാ പങ്കാളികളോടും അറിയിക്കുവിൻ. ഞങ്ങൾ നിങ്ങൾക്ക് ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സും രണ്ടു വർഷത്തെ ഡിപ്ലോമാ കോഴസും വാഗ്ദാനം ചെയ്യുന്നു. നമ്മുടെ ഡിപ്ലോമ കോഴ്സിന് ഏഷ്യ തിയോളജിക്കൽ അസ്സോസിയേഷന്റെ (ATA) രജിസ്റ്റേർഡ് കാൻഡിഡേറ്റ് ഫോർ മെമ്പർ ഷിപ്പ് എന്ന അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത്ലോകം മുഴുവനുമുള്ള ബൈബിൾ കോളേ ജുകൾക്ക് ഔദ്യോഗികമായ അംഗീകാരം നൽകുന്ന സംഘടനയാണ്.

### നെഹെമ്യ സായാഹ്ന ബൈബിൾ കോളേജ് (തമിഴ്)

തമിഴിലെ നമ്മുടെ സായാഹ്ന ബൈബിൾ കോളേജും വളരെ നല്ല രീതിയിൽ പോകുന്നു. ക്ലാസ്സുകൾ 2022 ജൂൺ 6 മുതൽ ആരംഭിക്കുന്നു. സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ കുറച്ചു വിദ്യാർത്ഥികളെക്കൂടി ഇനിയും ആവശ്യമുണ്ട്. ഞങ്ങൾ നിങ്ങൾക്ക് ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സും രണ്ടു വർഷത്തെ ഡിപ്ലോമാ കോഴസും വാഗ്ദാനം ചെയ്യുന്നു.

### നെഹെമ്യ ബൈബിൾ കോളേജ് ലൈബ്രറി

ദൈവകൃപയാൽ ലൈബ്രറി പുസ്തകങ്ങളെ കമ്പ്യൂട്ടറിലൂടെ അപ്ലോഡ് ചെയ്യുന്ന പ്രവൃത്തി പുരോഗമിക്കുന്നു. ഏകദേശം 7000 പുസ്തകങ്ങളാണുള്ളത്. ഇത് ശരിയായ രീതിയിൽ കമ്പ്യൂട്ടറൈസ് ചെയ്യുന്നത് ശ്രമകരവും ചെലവേറിയതുമാണ്. ഈ ജോലി ഞങ്ങളുടെ കഴിവിനപ്പുറമാണ്. ഇതിനു കൂടുതൽ സാമ്പത്തിക സഹായം ദൈവം നൽകുമെന്ന് പ്രതീക്ഷിക്കുന്നു. "എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും" (ഫിലിപ്പിയർ 4:19).

### നെഹെമ്യ ബൈബിൾ കോളേജുകളുടെ 2021– 22 വിദ്യാഭ്യാസ വർഷത്തെ ബിരുദദാന ചടങ്ങ്

നെഹെമ്യ ബൈബിൾ കോളേജുകളുടെ 2021-22 ലെ ബിരുദദാന ചടങ്ങ് ദൈവകൃപയാൽ 03-06-2022 വെള്ളിയാഴ്ച വൈകുന്നേരം അഞ്ചു മണിക്ക് ചെന്നൈ-7, വേപ്പേരി പുരസവൽക്കത്തെ ബലർ കാൽവി നിലയത്തിൽ വച്ചു നടക്കുന്നു. അന്നേദിവസം നിങ്ങൾ ചെന്നൈയിൽ ഉണ്ടെങ്കിൽ ദയവായി പങ്കെടുക്കുവിൻ.

## ശുഭവാർത്തയുമായി ഉത്തരേന്ത്യയിൽ

❖ വിവിധ ഭാഷകൾ സംസാരിക്കുന്ന ഉത്തരേന്ത്യയിൽ താമസിക്കുന്നവർക്ക് സുവിശേഷം നൽകി അവരെ സഹായിക്കുക എന്നത് വളരെക്കാലമായി ഞങ്ങളുടെ ഹൃദയംഗമമായ ആഗ്രഹവും ദൗത്യവുമാണ്. നെഹെമ്യ ബൈബിൾ കോളേജിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുവാൻ ഒറീസ്സയിലെ രായഗഡ, പരൽഖേമുണ്ടി, കണ്ടമാൾ എന്നീ സംസ്ഥാനങ്ങളിൽ ഞാൻ തന്നെ സുവിശേഷ പര്യടനം നടത്തുവാൻ ആഗ്രഹിക്കുന്നു. ഇത് എനിക്ക് ബുദ്ധിമുട്ടുള്ളതാണെങ്കിലും ഞാൻ പോകുന്നു. നമുക്ക് ഒരു ജീവിതമേയുള്ളൂ. അത് നമ്മുടെ കർത്താവായ യേശുക്രിസ്തുവിനായി സമർപ്പിക്കാം.

## സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ

❖ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ നല്ല രീതിയിൽ നടക്കുന്നു. കുട്ടികളെ സ്കൂളിലേക്കും തിരികെ ഭവനത്തിലേക്കും കൊണ്ടുപോകുന്ന മിനി ബസ്സ് അത്യാവശ്യമായി നന്നാക്കേണ്ടതായുണ്ട്. ഇപ്പോൾ അത് ഉപയോഗിക്കാവുന്ന അവസ്ഥയിലല്ല. അതിനാൽ ഒരു പുതിയ ബസ്സ് വാങ്ങണം. ദൈവഹിതമാണെങ്കിൽ ജൂൺ 13-ാം തിയതി തിങ്കളാഴ്ച സ്കൂൾ വീണ്ടും തുറക്കും. ഈ സ്കൂൾ ഒരു ഹൈസ്കൂളായി പ്രവർത്തിക്കുവാനുള്ള അനുമതി ദൈവകൃപയാൽ സർക്കാരിൽ നിന്നും ലഭിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ ഈ വിദ്യാലയത്തിന് ക്രിസ്തീയ ന്യൂനപക്ഷ സ്ഥാപനമെന്ന പദവിയും നൽകിയിട്ടുണ്ട്.

❖ തപാൽ ബൈബിൾ കോഴ്സുകൾ, സുവിശേഷ അച്ചടിശാല, സഭകൾ, മറ്റു മീറ്റിംഗുകൾ, സാമൂഹിക സേവനങ്ങൾ തുടങ്ങിയ ഞങ്ങളുടെ എല്ലാ ശുശ്രൂഷകളെയും ഓർത്ത് പ്രാർത്ഥിക്കുവിൻ.

❖ ഞാനും എന്റെ കുടുംബവും നല്ല ആരോഗ്യത്തോടെയായിരിക്കുന്നു. സുഖമില്ലാതെയായിരിക്കുന്ന ബ്രദർ. മാനുവേൽ എം. പോൾ രാജ്, പാസ്റ്റർ. എം. മുത്തു, ബ്രദർ. ഇളങ്കോവൻ എന്നിവരെ നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കുവിൻ.

❖ വിളിയുടെ പ്രതിധ്വനിയുടെ ശുശ്രൂഷകളെ സ്നേഹിക്കുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്താൽ നിശ്ചയമായും ദൈവം നിങ്ങളെ അനുഗ്രഹിക്കും. ഞങ്ങൾ നിങ്ങൾക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ഈ ശുശ്രൂഷകളെല്ലാം ദൈവരാജ്യ വർദ്ധനവിനായുള്ളതാണ് എന്ന് പരിശുദ്ധാത്മാവ് തോന്നിക്കുകയാണെങ്കിൽ നിങ്ങളുടെ സംഭാവനകളും കാണിക്കയും അയച്ചുതരുവിൻ. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

❖ കഷ്ടപ്പാടുകൾ, പ്രശ്നങ്ങൾ എന്നിവയിൽ നിന്നും വിടുതൽ പ്രാപിച്ച അനേകരുടെ സാക്ഷ്യങ്ങൾ ഞങ്ങൾക്ക് അറിയാം. അത് തുറന്ന് പറയുവാൻ സാദ്ധ്യമല്ല. തുടർന്നും ഞങ്ങൾക്കായി പ്രാർത്ഥിക്കുവിൻ. ദൈവത്തിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ
**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**
(+91) 98412 71858 / 98410 71858 E.mail : samselvaraj333@gmail.com

*1-ാം പേജിന്റെ തുടർച്ച...*

നമ്മുടെ ബലഹീനതയുടെയും ദാരിദ്ര്യത്തിന്റെയും നാളുകളിൽ കർത്താവിനെ നോക്കുകയാണെങ്കിൽ അവൻ നമ്മോടു സംസാരിക്കാൻ തുടങ്ങും. ദുഃഖങ്ങളില്ലാതെ ജീവിക്കുന്നവരോടു ദൈവം സംസാരിക്കുകയില്ല. സങ്കടങ്ങൾ അനുഭവിക്കുമ്പോഴാണ് ദൈവം നമ്മോടു സംസാരിക്കുകയും അവന്റെ സ്പർശനം അനുഭവിക്കുകയും ചെയ്യും. അനുകൂലമായ സാഹചര്യങ്ങളിൽ അവൻ നമ്മോടു സംസാരിക്കുന്നതു വിരളമാണ്. അതുകൊണ്ടാണ് കർത്താവു "ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ" എന്നു പറയുന്നത്.

അപ്പൊസ്തലനായ പൗലോസിന്റെ ശരീരത്തിൽ ഉള്ള വേദന മാറ്റിത്തരുവാൻ കർത്താവിനോട് അപേക്ഷിച്ചു എങ്കിലും "**എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു**" എന്നു അവൻ പറഞ്ഞു. പൗലോസിന് സന്തോഷവും സംതൃപ്തിയുമുള്ള ജീവിതം നയിക്കാമായിരുന്നു. പക്ഷെ ദൈവത്തിന്റെ സ്പർശനമില്ലാതെയും അവന്റെ ശബ്ദം കേൾക്കാതെയുമുള്ള ജീവിതം അവൻ ആഗ്രഹിച്ചില്ല. "**...ഇങ്ങനെ വല്ലവിധേനയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണം**" എന്ന് അവൻ പറഞ്ഞു (ഫിലിപ്പിയർ 3:11). മോശെയെക്കുറിച്ച് തിരുവെഴുത്തുകൾ ഇങ്ങനെ പറയുന്നു: "**വിശ്വാസത്താൽ മോശെ താൻ വളർന്നപ്പോൾ പാപത്തിന്റെ തൽക്കാലഭോഗത്തെക്കാളും ദൈവജനത്തോടുകൂടെ കഷ്ടമനുഭവിക്കുന്നതു തിരഞ്ഞെടുത്തു. പ്രതിഫലം നോക്കിയതുകൊണ്ടു ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നതു നിരസിക്കയും മിസ്രയീമിലെ നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നു എണ്ണുകയും ചെയ്തു**" (എബ്രായർ 11:24-26).

നാം അഗാധമായ പ്രശ്നങ്ങളിലായിരിക്കുമ്പോൾ അതിൽനിന്നും മോചനം പ്രാപിക്കുവാൻ ആഗ്രഹിക്കും. അങ്ങനെയുള്ളപ്പോൾ നമ്മുടെ സ്വന്തം കഴിവിൽ ആശ്രയിക്കാതെ ദൈവത്തിൽ മാത്രം ആശ്രയിക്കുകയാണെങ്കിൽ അവന്റെ സാന്ത്വന സ്പർശം അനുഭവിക്കുവാൻ സാധിക്കും. എപ്പോഴെല്ലാം കഷ്ടത തന്നെ ചുറ്റിയോ, അപ്പോഴെല്ലാം സങ്കീർത്തനക്കാരനായ ദാവീദ് ദേവാലയത്തിൽ ചെന്ന് ദൈവത്തോട് പ്രാർത്ഥിക്കുമായിരുന്നു. തെറ്റുകൾ ചെയ്യുമ്പോഴോ അഗാധമായ പ്രശ്നങ്ങൾ വരുമ്പോഴോ ആലയത്തിലുള്ള ദൈവത്തിന്റെ സാന്നിദ്ധ്യത്തിലേക്ക് കടന്നു ചെല്ലുമായിരുന്നു. കർത്താവ് എല്ലാ പ്രശ്നങ്ങളിൽനിന്നും അവനെ വിടുവിച്ചു. കർത്താവ് അവനെ അനുഗ്രഹിക്കയും ആശ്വസിപ്പിക്കയും അവന്റെ സങ്കടമെല്ലാം മാറ്റുകയും ചെയ്തു. പ്രിയ ദൈവപൈതലേ, നിങ്ങൾ കഷ്ടതയുടെ പാതയിലാണോ നടക്കുന്നത്? അതിൽ നിന്നുള്ള വിടുതലിനായി ദൈവത്തിനു പുറമേയുള്ള ഒന്നിലും ആശ്രയിക്കരുത്. ലൗകീകമായതിന്റെ പുറകേ പോയാൽ അതിന്റെ ഫലം വലിയ അപകടങ്ങളും പ്രശ്നങ്ങളും പരാജയങ്ങളുമാണ്. നിങ്ങളുടെ കുടുംബം, സാമ്പത്തികസ്ഥിതി, പദവി, വ്യക്തിത്വം, നിങ്ങളുടെ ശുശ്രൂഷ എന്നിവയെക്കാളും നിങ്ങൾക്ക് കർത്താവിൽ വിശ്വാസവും പ്രത്യാശയുമുണ്ടെങ്കിൽ നിങ്ങളുടെ ആവശ്യങ്ങളെല്ലാം അവൻ നിറവേറ്റിത്തരും. ശ്രദ്ധയോടെ കേൾക്കുവിൻ! ഇതിനുള്ള ഏറ്റവും അനുയോജ്യമായ സ്ഥലം ആലയം മാത്രമാണ്. നിങ്ങളുടെ സഭയെയും പാസ്റ്ററെയും ബഹുമാനിപ്പിൻ. നിങ്ങളുടെ അനുഗ്രഹവും സന്തോഷവുമെല്ലാം സഭയുമായി ബന്ധപ്പെട്ടിരിക്കുന്നു. "**ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവർത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണുന്തോറും അത് അധികമധികം ചെയ്യേണ്ടതാകുന്നു**" (എബ്രായർ 10:25).

### 1. പ്രാണൻ വിഷാദം കൊണ്ട് ഉരുകുന്നു

"**എന്റെ പ്രാണൻ വിഷാദം കൊണ്ടു ഉരുകുന്നു; നിന്റെ വചനപ്രകാരം എന്നെ നിവിർത്തേണമേ**" (സങ്കീർത്തനങ്ങൾ 119:28).

വിചാരപ്പെടുന്നതുകൊണ്ട് ഒരുവ്യക്തിക്ക് തന്റെ ഉയരം കൂട്ടുവാനോ കുറയ്ക്കുവാനോ സാദ്ധ്യമല്ല. പ്രായോഗികമായി പറഞ്ഞാൽ വിഷമഘട്ടങ്ങളിൽ ഭാരപ്പെടുന്നത് ഒഴിവാക്കാൻ കഴിയുകയില്ല.

ദാവീദ് നിരവധി പ്രശ്നങ്ങൾ നേരിട്ടു. തന്റെ ഭാര്യാപിതാവിൽ നിന്നു തുടങ്ങി, ശൗൽ രാജാവിലൂടെ, തന്റെ മകനായ അബ്ശലോമിലൂടെ, തന്റെ സ്വന്തം ജനങ്ങളിലൂടെ, മറ്റു രാജ്യങ്ങളിലെ രാജാക്കന്മാരിലൂടെ

അതു തുടർന്നു. പക്ഷെ അവനെ വിളിച്ച ദൈവത്തിൽ അവൻ ചാരിയതുകൊണ്ട് ദൈവം അവന്റെ കഷ്ടതകളെല്ലാം സന്തോഷമാക്കിക്കൊടുത്തു.

നമ്മിൽ പലർക്കും ഇതുപോലെയുള്ള പ്രയാസകരമായ അവസ്ഥകളിലൂടെ കടന്നുപോകേണ്ടിവരും. ഹൃദയം തകർന്ന ചിലർ ആത്മഹത്യയ്ക്കു ശ്രമിക്കുന്നു. ഉപദേശത്തിനായി മറ്റുള്ളവരിലേക്കു തിരിഞ്ഞാൽ നാം വഞ്ചിതരായേക്കാം. ചിലർ തെറ്റിദ്ധരിപ്പിച്ചേക്കാം. ആകുലതകൾക്കും കണ്ണുനീർ പൊഴിക്കുന്നതിനുംമദ്ധ്യേ, കർത്താവിൽ നമുക്ക് പൂർണ്ണമായി ആശ്രയിക്കാൻ കഴിയുമെങ്കിൽ അവൻ നമ്മെ കഷ്ടതകളിൽനിന്ന് നിരുപാധികം കരകയറ്റുകയും അതിശയകരമായി ആശ്വസിപ്പിക്കുകയും ചെയ്യും. "**ഭയങ്കരന്മാരുടെ ചീറ്റൽ മതിലിന്റെനേരെ കൊടുങ്കാറ്റുപോലെ അടിക്കുമ്പോൾ നീ എളിയവന്നു ഒരു ദുർഗ്ഗവും ദരിദ്രന്നു അവന്റെ കഷ്ടത്തിൽ ഒരു കോട്ടയും കൊടുങ്കാറ്റിൽ ഒരു ശരണവും ഉഷ്ണത്തിൽ ഒരു തണലും ആയിരിക്കുന്നു** (യെശയ്യാവ് 25:4).

പ്രശ്നങ്ങൾ പെരുകുമ്പോൾ വേദപുസ്തകം ഉച്ചത്തിൽ വായിക്കാൻ നാം കൂടുതൽ സമയം കണ്ടെത്തണം. നമ്മുടേതിനു സമാനമായ കഷ്ടതകൾ അനുഭവിച്ച മറ്റു ദൈവമക്കളെ അവൻ വിടുവിച്ചതുപോലെ ദൈവത്തിൽനിന്ന് അതിശയകരമായ വിടുതൽ നമുക്കും ഉണ്ടാകുമെന്ന് വിശ്വസിക്കുകയും പ്രതീക്ഷിക്കുകയും വേണം. നിശ്ചയമായും നാം പ്രതീക്ഷിക്കുന്നതിലും അധികമായ നന്മകൾ കൊണ്ട് അവൻ നമ്മെ നിറക്കും. ഈ സന്ദേശം നൽകുന്ന ഞാൻ ദൈവത്തിൽ മാത്രം ആശ്രയിക്കയും, അവന്റെ വചനങ്ങൾ ഉച്ചത്തിൽ വായിക്കയും, പൂർണ്ണ വിശ്വാസത്തോടെ അവനിൽ ആശ്രയിക്കയും ചെയ്തതുകൊണ്ട് കഷ്ടതകളിൽനിന്ന് അവൻ എന്നെ വിടുവിച്ചു. ഞാൻ ദൈവശബ്ദം ശ്രവിച്ച ദിവസങ്ങളും അവൻ എനിക്കു അവിശ്വസനീയമായ വിജയം നൽകിയ ദിവസങ്ങളും ഞാൻ വേദപുസ്തകത്തിൽ ചില വാക്യങ്ങളോടൊപ്പം രേഖപ്പെടുത്തിയിട്ടുണ്ട്. നിങ്ങളും അതുപോലെ ചെയ്യുകയാണെങ്കിൽ വിജയം സുനിശ്ചിതമാണ്.

## ✣ 2. കണ്ണുകൾ ക്ഷയിച്ചുപോകുന്നു ✣

"**എന്റെ കണ്ണു കഷ്ടതഹേതുവായി ക്ഷയിച്ചുപോകുന്നു; യഹോവേ, ഞാൻ ദിവസംപ്രതിയും നിന്നെ വിളിച്ചപേക്ഷിക്കയും എന്റെ കൈകളെ നിങ്കലേക്കു മലർത്തുകയും ചെയ്യുന്നു**" (സങ്കീർത്തനങ്ങൾ 88:9).

കഷ്ടതയാൽ തന്റെ കണ്ണുകൾ ക്ഷയിച്ചുപോകുന്നു എന്ന് സങ്കീർത്തനക്കാരൻ പറയുന്നു. ഒരാൾ കഷ്ടതയിൽ ആകുമ്പോൾ അയാളുടെ കാഴ്ചക്ക് മങ്ങൽ അനുഭവിക്കുന്നു. ദുഃഖം ഒരാളെ തളർത്തുകയും ചിന്താശേഷി കുറയ്ക്കുകയും ഉറക്കം നഷ്ടപ്പെടുത്തുകയും ഓർമ്മശക്തി കുറയ്ക്കുകയും ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകളെല്ലാം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. മറ്റുള്ളവരിൽനിന്നും നമുക്കു ലഭിക്കുന്ന സഹായവും കുറയ്ക്കുന്നു. ഇതിൽനിന്നും പുറത്തു വരുവാൻ നാം എന്തു ചെയ്യേണം? നിരുത്സാഹത്തിനു ഇടകൊടുക്കാതെ രണ്ടു കാര്യങ്ങൾ നമുക്കു ചെയ്യാൻ സാധിക്കും.

1. നമ്മുടെ യഥാർത്ഥ അവസ്ഥയെന്തെന്ന് പ്രാർത്ഥനയിലൂടെ ദൈവത്തെ അറിയിക്കണം. "**എന്റെ വഴികളെ ഞാൻ വിവരിച്ചപ്പോൾ നീ എനിക്കുത്തരമരുളി; നിന്റെ ചട്ടങ്ങളെ എനിക്കു ഉപദേശിച്ചുതരേണമേ**" (സങ്കീർത്തനങ്ങൾ 119:26). ദൈവത്തോടു സമയം ചെലവഴിക്കുന്നതും അവനോടു സംസാരിക്കുന്നതും വലിയ വിജയങ്ങൾക്കു കാരണമാകും. എന്നാൽ ഇക്കാലത്ത് ജനങ്ങൾ സ്വന്തം കാര്യങ്ങൾക്കായി കൂടുതൽ സമയം ചെലവഴിക്കുകയും ലൗകീക നേട്ടങ്ങൾക്കും വിനോദങ്ങൾക്കും ടെലിവിഷൻ പരിപാടികൾക്കും മുൻഗണന നൽകി പ്രാർത്ഥനയിലൂടെ ദൈവത്തോടു സംസാരിക്കാതിരിക്കുകയും ചെയ്യുന്നു.

ഇന്നത്തെ ടെലിവിഷൻ പ്രാസംഗികർ ആത്മീകരായ പല ക്രിസ്ത്യാനികളെയും മടിയരും നിശ്ചലരുമാക്കിത്തീർത്തിരിക്കുകയാണ്. പ്രാർത്ഥനാശീലരായ അനേകം ക്രിസ്ത്യാനികളെ പ്രാർത്ഥിക്കാതാക്കി, വേദപുസ്തകം സ്ഥിരമായി വായിച്ചുകൊണ്ടിരുന്നവരെ വായിക്കാതാക്കി. ഇതൊരു പതിവു ശീലമായി മാറിയിരിക്കുന്നു. ക്രിസ്തീയ പരിപാടികൾ നിങ്ങൾ അല്പ സമയം കണ്ടിട്ട് ടി.വി. ഓഫാക്കി പ്രാർത്ഥനയിലും വേദപുസ്തക വായനയിലും ധ്യാനത്തിലും മുഴുകുക. എന്നാൽ നിങ്ങൾക്ക് വിജയം ഉറപ്പിക്കാം. രാവിലെ അഞ്ചു മണി മുതൽ വൈകുന്നേരം വരെ ടി.വി. യും കണ്ടോണ്ടിരുന്നാൽ നിശ്ചയമായും നിങ്ങൾ പരാജയം നേരിടും. കാരണം ഈ പരിപാടികളിലെ അധാർമ്മിക ചിന്തകളും വിവരങ്ങളും മൂലം ധാരാളം നിരപരാധികൾ വഞ്ചിക്കപ്പെടുകയും ആശയക്കുഴപ്പങ്ങളുടെ ചുഴിയിലേക്ക് വഴിതെറ്റിപ്പോകുകയും ചെയ്യുന്നു. ഓരോ പ്രസംഗകരും രക്ഷയുടെ പാതയിലേക്ക് ജനത്തെ നയിക്കുന്നതിനുപകരം തെറ്റായ വിടുതൽ സന്ദേശം നൽകി സ്വന്തം താല്പര്യങ്ങൾക്കു മുൻതൂക്കം നൽകുന്നു. ഇത് സമകാലിക ദുരന്തത്തിന്റെ തെളിവാണ്. അടിയുറച്ച വിശ്വാസത്തിലൂടെ ജനങ്ങൾ രക്ഷയിലേക്ക് കടന്നുവരുമെന്ന് പ്രത്യാശിക്കാം.

2. നിങ്ങളുടെ കരങ്ങൾ ദൈവത്തിങ്കലേക്കു നീട്ടുവിൻ. നിങ്ങളുടെ ശ്രദ്ധയും വിശ്വാസവുമെല്ലാം അവനിലാണെന്നു ഇതിനർത്ഥം. നിങ്ങളുടെ ചിന്തകളും പ്രവർത്തനങ്ങളുമെല്ലാം ദൈവത്തെ പ്രസാദിപ്പിക്കുന്നതായിരിക്കണം. മറ്റുള്ളവരെ ചതിക്കുകയും കഷ്ടപ്പെടുത്തു

06-ാം പേജിൽ തുടരും...


# നെഹെമ്യ ബൈബിൾ

റസിഡൻഷ്യൽ/ സായാഹ്ന കോളേജ്

വേളാച്ചേരി/ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ

ഭാഷ : ഹിന്ദി/തമിഴ്

അപേക്ഷകനുള്ള മെമ്പർഷിപ്പ്

ഏഷ്യ തിയോളജിക്കൽ അസ്സോസിയേഷൻ (ATA)

കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം

വേദശാസ്ത്രത്തിൽ ഡിപ്ലോമ : രണ്ടു വർഷം

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

അതിവേഗം അഡ്മിഷൻ നേടുവിൻ!

ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്

10, മുഹമ്മദ് അബ്ദുള്ള 2–ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ–600 005, ഇന്ത്യ

ഫോൺ : (91–44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858

E-mail : sam@echoofhiscall.org / Website : www.echoofhiscall.org

✶ ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാണ് ✶

ECHO OF HIS CALL MINISTRIES
SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ



(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ജൂൺ 19** : നമ്മുടെ അസ്സോസിയേറ്റ് എഡിറ്റർ ബ്ര. മാനുവേൽ എം. പോൾരാജിനെയും കുടുംബാംഗങ്ങളെയും ദുഷ്ടശക്തികളിൽ നിന്നും വിടുവിച്ചുകൊണ്ടിരിക്കുന്നതിനായി.

**ജൂൺ 20** : ശുശ്രൂഷ സംബന്ധമായ കഴിഞ്ഞ മാസങ്ങളിലെ യാത്രകളിൽ കൂടെയുണ്ടായിരുന്നതിനായി.

**ജൂൺ 21** : നമ്മെ പിന്താങ്ങുന്നവരുടെ പ്രാർത്ഥനകൾക്കും സഹായത്തിനുമായി.

**ജൂൺ 22** : **വിളിയുടെ പ്രതിധ്വനി**യുടെ കഴിഞ്ഞ മാസത്തെ എല്ലാ പ്രവർത്തനങ്ങളെയും ദൈവം അനുഗ്രഹിച്ചതിനായി.

**ജൂൺ 23** : സുവിശേഷം എത്തിച്ചേരാത്ത വടക്കേ ഇന്ത്യയിലെ സ്ഥലങ്ങളിൽ കടന്നു ചെല്ലാൻ സഹായിച്ചതിനായി.

**ജൂൺ 24** : ഹിന്ദി ഓൺലൈൻ വേദപഠന കോഴ്സിനെ ദൈവം സമൃദ്ധിയായി അനുഗ്രഹിച്ചതിനായി.

**ജൂൺ 25** : പുതിയ വിശ്വാസികളുമായി മുഖ്യസഭയെയും സഹോദരീസഭകളെയും ദൈവം അനുഗ്രഹിച്ചതിനായി.

**ജൂൺ 26** : നമ്മുടെ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങൾക്കുമായി.

**ജൂൺ 27** : മിഷൻ ഫീൽഡുകളിൽനിന്നും നല്ല റിപ്പോർട്ടുകൾ ലഭിച്ചുകൊണ്ടിരിക്കുന്നതിനായി.

**ജൂൺ 28** : നമ്മുടെ സംഘടനയെ വിജയകരമായി നടത്തിക്കൊണ്ടു പോകാൻ ദൈവം സഹായിച്ചുകൊണ്ടിരിക്കുന്നതിനായി.

**ജൂൺ 29** : ഞായർ ആരാധനകളും മറ്റു ശുശ്രൂഷകളും ദൈവകൃപയോടെ നടത്തുവാൻ സഹായിച്ചതിനായി.

**ജൂൺ 30** : മുഖ്യസഭയിൽ നടന്ന സ്ത്രീകളുടെ യോഗത്തെ ദൈവം അനുഗ്രഹിച്ചതിനായി.

**ജൂലൈ 01**: മാസികാ ശുശ്രൂഷയുടെ 1969 മുതലുള്ള ഞങ്ങളുടെ പ്രവർത്തനത്തെ ദൈവം അനുഗ്രഹിച്ചതിനായി.

**ജൂലൈ 02**: മുഖ്യസഭയിൽ നടന്ന പുരുഷന്മാരുടെ യോഗത്തെ ദൈവം അനുഗ്രഹിച്ചതിനായി.

**ജൂലൈ 03**: ഞങ്ങളുടെ സുവിശേഷ അച്ചടിശാലയിൽ 17 ഭാഷകളിലുള്ള വിളിയുടെ പ്രതിധ്വനി മാസികകൾ അച്ചടിച്ച് മിഷൻ ഫീൽഡുകളിൽ അയക്കുവാൻ ദൈവം സഹായിച്ചു.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ജൂലൈ 04**: നമ്മുടെ ഇംഗ്ലീഷ് അസ്സോസിയേറ്റ് എഡിറ്റർ ബ്ര. പോൾരാജ് രോഗത്തിൽ നിന്നും പൂർണ്ണ വിടുതൽ പ്രാപിച്ച് സമാധാനമായി ജീവിതം നയിക്കാൻ.

**ജൂലൈ 05**: വിളിയുടെ പ്രതിധ്വനിക്ക് ആത്മാർത്ഥതയുള്ള കൂടുതൽ പ്രവർത്തകരെ ലഭിക്കുവാൻ.

**ജൂലൈ 06**: കോഡിനേറ്റർമാർക്കും പാസ്റ്റർമാർക്കും പുതിയ ശക്തി ദൈവം നൽകുവാനായി.

**ജൂലൈ 07**: ലോകം മുഴുവനുമുള്ള എല്ലാ ആത്മീയ നേതാക്കൾക്കായും.

**ജൂലൈ 08**: ലോകം മുഴുവനുമുള്ള എല്ലാ ജനങ്ങളെയും അനുഗ്രഹങ്ങളാൽ ദൈവം നിറയ്ക്കുവാൻ.

**ജൂലൈ 09**: മുഖ്യ പാസ്റ്ററുടെ ആത്മകഥാ രചനയിൽ ദൈവത്തിന്റെ അദൃശ്യമായ കരം ഉണ്ടാകുവാൻ.

**ജൂലൈ 10**: നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

**ജൂലൈ 11** : വിളിയുടെ പ്രതിധ്വനിയുടെ ഈ മാസത്തെ എല്ലാ സാമ്പത്തിക ആവശ്യങ്ങളും നിറവേറപ്പെടുവാൻ.

**ജൂലൈ 12**: നമ്മുടെ മിഷൻ ഫീൽഡിലെ പ്രവർത്തകർക്കായി.

**ജൂലൈ 13**: നമ്മുടെ ശുശ്രൂഷകൾക്കും സംഘടന പ്രവർത്തനത്തിനും ദൈവത്തിന്റെ അനുവാദം ലഭിക്കുവാനായി.

**ജൂലൈ 14**: നമ്മുടെ ശുശ്രൂഷകളുടെ സാമ്പത്തിക ആവശ്യങ്ങൾക്കായി.

**ജൂലൈ 15**: ലോകം മുഴുവനുമുള്ള എല്ലാ രാജ്യങ്ങളിൽ നിന്നും കൊറോണാ വൈറസ് തുടച്ചുമാറ്റപ്പെടുവാൻ.

**ജൂലൈ 16**: സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാകുവാൻ.

**ജൂലൈ 17**: എല്ലാ ക്രിസ്തീയ സംഘടനകൾക്കായും.

**ജൂലൈ 18**: നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബത്തെയും എല്ലാ തിന്മകളിൽനിന്നും ദൈവം സംരക്ഷിക്കുവാൻ.

... 4-ാം പേജിന്റെ തുടർച്ച

കയും ചെയ്യുകയാണെങ്കിൽ നീളമുള്ള പ്രാർത്ഥനയും ഉപവാസവും കൊണ്ട് ഒരു പ്രയോജനവുമില്ല. ദൈവവചനത്തിനു ചെവികൊടുക്കാത്തവന്റെ പ്രാർത്ഥന വ്യർത്ഥമാണ്. "**ന്യായപ്രമാണം കേൾക്കാതെ ചെവി തിരിച്ചുകളഞ്ഞാൽ അവന്റെ പ്രാർത്ഥന തന്നെയും വെറുപ്പാകുന്നു**" (സദൃശ്യവാക്യങ്ങൾ 28:9). "**ദുഷ്ടന്മാരുടെ യാഗം യഹോവയ്ക്കു വെറുപ്പു; നേരുള്ളവരുടെ പ്രാർത്ഥനയോ അവന്നു പ്രസാദം. ദുഷ്ടന്മാരുടെ വഴി യഹോവയ്ക്കു വെറുപ്പു; എന്നാൽ നീതിയെ പിന്തുടരുന്നവനെ അവൻ സ്നേഹിക്കുന്നു**" (സദൃശ്യവാക്യങ്ങൾ 15:8,9).

ഇന്ന് നിങ്ങളുടെ ശ്രദ്ധ എവിടെ? ആരിൽ നിന്നു സഹായം പ്രതീക്ഷിക്കുന്നു? ഏതു വഴിയിലൂടെയാണ് നിങ്ങൾ തിരയുന്നത്?

## 3. ധൈര്യം ക്ഷയിക്കുന്നു

"സന്തോഷമുള്ള ഹൃദയം മുഖപ്രസാദമുണ്ടാക്കുന്നു; ഹൃദയത്തിലെ വ്യസനംകൊണ്ടോ ധൈര്യം ക്ഷയിക്കുന്നു" (സദൃശ്യവാക്യങ്ങൾ 15:13). "സന്തുഷ്ടഹൃദയം നല്ലോരു ഔഷധമാകുന്നു; തകർന്ന മനസ്സോ അസ്ഥികളെ ഉണക്കുന്നു" (സദൃശ്യവാക്യങ്ങൾ 17:22). ഇരുമ്പ്, പിച്ചള, അലുമിനിയം എന്നിവകൊണ്ടു നിർമ്മിച്ച സാധനങ്ങൾ പശകൊണ്ട് ഒട്ടിച്ചെടുക്കാം. പക്ഷെ നമ്മുടെ ഹൃദയത്തിൽ ഒളിഞ്ഞിരിക്കുന്ന ആത്മാവിന് തകർച്ച ഉണ്ടായാൽ ഒരു ഡോക്ടർക്കും മനോരോഗവിദഗ്ദനും ശരിയാക്കാൻ സാധിക്കയില്ല. ഈ ലോകത്തിൽ നാം നേരിടുന്ന പരാജയങ്ങൾ സാമ്പത്തിക കുഴപ്പങ്ങൾ, രോഗം, കുടുംബ പ്രശ്നങ്ങൾ എന്നിവയാണ് നമ്മുടെ ഹൃദയത്തിന്റെ തകർച്ചക്കു കാരണം. ഈ തിരിച്ചടികളെ മറികടക്കാൻ ദൈവത്തോട് അടുത്തു ചെല്ലുക മാത്രമേ വഴിയുള്ളൂ. "യഹോവയുടെ ആലയത്തിലേക്കു നമുക്കു പോകാം എന്നു അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു" (സങ്കീർത്തനങ്ങൾ 122:1).

കർത്താവിനെ യഥാർത്ഥമായി സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നവരോടൊപ്പം പോകുന്നത് വളരെ പ്രധാനമാണ്. ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്ന സഭയിൽ നിങ്ങൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് കരങ്ങൾ കൊട്ടി ദൈവത്തെ ആരാധിക്കണം. അപ്പോൾ നിങ്ങൾ സന്തോഷവും ആനന്ദവും കൊണ്ടു നിറയും, നിങ്ങളുടെ രോഗങ്ങൾ സൗഖ്യമാകും, നിങ്ങൾക്കെതിരെ ചെയ്ത എല്ലാ മന്ത്രവാദങ്ങളും ശക്തിയില്ലാതാകും, നിങ്ങൾ എല്ലാ ബന്ധനങ്ങളിൽനിന്നും വിടുവിക്കപ്പെടും.

വിളിയുടെ പ്രതിധ്വനിയുടെ ബഹുഭാഷാ സഭയിൽ ഇത്തരത്തിലുള്ള ആരാധന ഞങ്ങൾ അനുഭവിക്കുന്നു. എത്ര വലിയ സന്തോഷം! എത്ര വലിയ ആനന്ദം! എത്ര സമാധാനമാണ് ഞങ്ങൾ അനുഭവിക്കുന്നത്! പ്രീയ പാസ്റ്റർമാരേ, ഇത്തരത്തിലുള്ള ആരാധന നിങ്ങളുടെ സഭാംഗങ്ങൾക്കു നൽകുവിൻ, അതിലൂടെ അവർ ബന്ധനങ്ങളിൽനിന്നും മോചിതരാകട്ടെ. പ്രീയ വായനക്കാരേ, നിങ്ങളുടെ ആരാധനാലയത്തിനു പ്രാധാന്യം നൽകുവിൻ. എന്നാൽ നിങ്ങൾ അനുഗ്രഹിക്കപ്പെടും. "**കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു**" (ഫിലിപ്പിയർ 4:4). പ്രതീക്ഷയില്ലാത്തവർക്ക് പ്രത്യാശയും അസന്തുഷ്ടർക്ക് സന്തോഷവും നൽകുന്ന സ്ഥലമാണ് ദേവാലയം. സഭയിലെ ഞായർ ആരാധനയിലും മറ്റു കൂട്ടായ്മകളിലും പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുവിൻ. "**യഹോവയുടെ ആലയത്തിൽ നടുതലയായവർ നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കും**" (സങ്കീർത്തനങ്ങൾ 92:13).

## 4. മനോവ്യസനത്തിനു ഹേതുവായിരിക്കുന്നു

"**മനോവ്യസനം ഹേതുവായി മനുഷ്യന്റെ മനസ്സിടിയുന്നു; ഒരു നല്ല വാക്കോ അതിനെ സന്തോഷിപ്പിക്കുന്നു**" (സദൃശ്യവാക്യങ്ങൾ 12:25).

മനോവ്യസനം ഹൃദയത്തെ ചുരുക്കുകയും സാധാരണയായുള്ള പ്രവർത്തനം നടക്കാതെയും സ്വതന്ത്രമായി ചിന്തിക്കാനുള്ള കഴിവ് നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ചില പ്രശ്നങ്ങൾ കാരണം നമ്മുടെ മനസ്സിലുണ്ടാകുന്ന മാറ്റങ്ങൾ കടുത്ത തീരുമാനങ്ങളെടുക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ചിലർ സമാധാനം അന്വേഷിച്ച് തങ്ങളുടെ ഭവനങ്ങളിൽനിന്നുമിറങ്ങി അലഞ്ഞുതിരിയുന്നു. ചിലർ പ്രശ്നങ്ങൾ പരിഹരിക്കാൻ പല വഴികൾ നോക്കി പരാജയപ്പെടുമ്പോൾ കടുത്ത തീരുമാനങ്ങൾ എടുക്കുവാൻ നിർബ്ബന്ധിതരായിത്തീരുന്നു. രഹസ്യമായി പറഞ്ഞാൽ, യേശുക്രിസ്തുവിന്റെ വഴികളിൽ ആയിരിക്കുന്നവർ ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുകയേയില്ല. ഇത് യാഥാർത്ഥ്യവും യാഥാർത്ഥ്യവുമാണ്. ഇവിടെയാണ് മറ്റുള്ള മത സങ്കല്പങ്ങളുടെ മുകളിൽ ക്രിസ്തുമതം ആയിരിക്കുന്നത്.

"**ദാവീദ് വലിയ കഷ്ടത്തിലായി; ജനത്തിൽ ഓരോരുത്തന്റെ ഹൃദയം താന്താന്റെ പുത്രന്മാരെയും പുത്രിമാരെയും കുറിച്ചു വ്യസനിച്ചിരിക്കകൊണ്ടു അവനെ കല്ലെറിയേണമെന്നു ജനം പറഞ്ഞു; ദാവീദോ തന്റെ ദൈവമായ യഹോവയിൽ ധൈര്യപ്പെട്ടു**" (1 ശമൂവേൽ 30:6).

## 5. ദാവീദിന്റെ ദൈനംദിന അനുഭവങ്ങൾ

"**ദൈവമേ എന്നോടു കൃപയുണ്ടാകേണമേ; മനുഷ്യർ എന്നെ വിഴുങ്ങുവാൻ പോകുന്നു; അവർ ഇടവിടാതെ പൊരുതു എന്നെ ഞെരുക്കുന്നു**" (സങ്കീർത്തനങ്ങൾ 56:1).

**കഷ്ടതകളും പ്രശ്നങ്ങളും 3 രീതികളിൽ വരുന്നു:**

1. നമ്മുടെ ചിന്തകൾ കാരണം
2. നമ്മുടെ ജീവിതത്തിൽ എടുക്കുന്ന തെറ്റായ തീരുമാനങ്ങൾ കാരണം
3. ദുരാത്മാവിന്റെ സ്വാധീനവും ആളുകളുടെ അസൂയയും വെറുപ്പും കാരണം.

## ജനങ്ങളോടുള്ള ഭയം

ചിലപ്പോൾ നമ്മുടെ ആത്മവിശ്വാസം നഷ്ടപ്പെടുകയും അപകടകരമായ അവസ്ഥയിലേക്ക് നാം എത്തിച്ചേരുകയും ചെയ്യുന്നു. ദാവീദ് ഇങ്ങനെയുള്ള അവസ്ഥയെക്കുറിച്ച് പറയുന്നത്: "മനുഷ്യർ എന്നെ വിഴുങ്ങും" എന്നാണ്. ഭയവും സംശയവും ഏതൊരു ശക്തനായ മനുഷ്യനെയും ഉപയോഗശൂന്യനാക്കും. ഈ അഭിപ്രായത്തിൽ മാറ്റമില്ല.

ദാവീദ് ശത്രുക്കളാൽ ചുറ്റപ്പെട്ടിരുന്നതിനാൽ എപ്പോഴും മറ്റുള്ളവരിൽ നിന്നുള്ള ആക്രമണമോ യുദ്ധത്തെക്കുറിച്ചുള്ള ഭീതിയോ ഉണ്ടായിരുന്നു. മാത്രമല്ല, ബന്ധുക്കളിൽ നിന്നുള്ള ആക്രമണത്തെയും അദ്ദേഹം പ്രതീക്ഷിച്ചിരുന്നു, ഭാരപ്പെട്ടിരുന്നു.

"**എന്റെ അസ്ഥികൾ ഒക്കെയും കുലുങ്ങിപ്പോയി. ഒരാത്മാവു എന്റെ മുഖത്തിന്നെതിരെ കടന്നു എന്റെ ദേഹത്തിന്നു രോമഹർഷം ഭവിച്ചു**" (ഇയ്യോബ് 4:14,15).

വചനം ശക്തമായി വിലക്കുന്ന ഭയമുണ്ട്. തീപ്പൊയ്കയ്ക്കു ഓഹരിക്കാരായവരെ വേദപുസ്തകത്തിൽ ആദ്യത്തെ സ്ഥാനക്കാരായവർ എന്നു വിവരിക്കുന്നതിൽ അതിശയമില്ല. "**എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ, എന്നിവർക്കും ഭോഷ്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ: അതു രണ്ടാമത്തെ മരണം**" (വെളിപ്പാട് 21:8). ശ്രദ്ധിക്കാതെ പോയാൽ നമ്മുടെ നിത്യതയെ ബാധിക്കും. വചനമെന്ന ഇരുവായ്ത്തലയുള്ള വാളിന്റെ സഹായത്തോടു മാത്രമേ ഈ ഭയം തുറന്നു കാട്ടുവാനും അതിനെ നമ്മുടെ ജീവിതത്തിൽനിന്നും തുടച്ചു നീക്കുവാൻ കഴിയുകയുള്ളൂ.

ഒന്നാമതായി, ഭയത്തെ ശരിയായി തിരിച്ചറിയണം. അത് ഇരുട്ടിന്റെ ആത്മാവാണ്. "**ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നതു**" (2 തിമൊഥെയോസ് 1:7). അതിന്റെ ഉത്ഭവം നരകത്തിലാണ്; അതിനു ദൈവവുമായി ഒരു ബന്ധവുമില്ല. വാസ്തവത്തിൽ അതിന്റെ സാന്നിദ്ധ്യം മനുഷ്യനെ ദൈവത്തിൽ നിന്ന് അകറ്റുന്നു. ചില ആളുകൾ ഭയത്തെ ഒരു മനോഭാവമാ

യും പാരമ്പര്യമായി കിട്ടിയതായും പൊതുസ്വഭാവമായും കണക്കാക്കുന്നു. ഭയത്തെ നിസ്സാരമായി കാണുന്നത് ആത്മീയമായി, ഗുരുതരമായ മണ്ടത്തരം ആണ്. യഥാർത്ഥത്തിൽ ഒരു പരമാണുവിനെ ആറ്റം ബോംബാക്കുവാനും ജീവിതത്തിൽ ദുരന്തം വരുത്തുവാനും ഭയത്തിനു കഴിയും. അത് പിശാചിനുള്ളതാകയാൽ ചെറുത്തുനിൽപ്പിൻ. ഭയത്തെ സഹിക്കുന്നത് സിംഹക്കുട്ടിയെ വളർത്തുന്നതിനു തുല്ല്യമാണ്. അത് എന്നെങ്കിലും നിങ്ങളെ ദ്രോഹിക്കുകയും, നിങ്ങളെ ഇരയാക്കിത്തീർക്കുകയും ചെയ്യും. ഈ ദുരാത്മാവിനെ നിങ്ങളുടെ ജീവിതത്തിൽനിന്നും തുടച്ചു നീക്കുവാൻ ഇന്നു തന്നെ തയ്യാറാകൂ.

ഭയത്തിന്റെ ആത്മാവിനെക്കുറിച്ച് അറിയാവുന്നതിനാൽ ഇപ്പോൾ തന്നെ അതിനെതിരെ ശക്തമായ നിലപാട് എടുത്ത് അതിനെ തള്ളിക്കളയുക. ശത്രുവിനെതിരെ വിശ്വാസിക്കുള്ള ശക്തമായ ആയുധമാണ് യേശുവിന്റെ രക്തം. നിങ്ങൾ അത് ഉപയോഗിക്കുമ്പോഴെല്ലാം ശത്രു അതിന്റെ പാതകളിൽ മരവിച്ചുപോകുന്നു. പിശാച് വിറയ്ക്കട്ടെ. നമ്മുടെ ജീവിതത്തിന്റെ ഏറ്റവും ചെറിയ കാര്യങ്ങൾ പോലും യേശുവിന്റെ രക്തത്താൽ മറയ്ക്കപ്പെടാതിരിക്കാൻ പാടില്ല. അങ്ങനെയെങ്കിൽ മാത്രമേ ദുരാത്മാവ് ദുർബലമാകുകയുള്ളു.

**“ഞാൻ പേടിച്ചതു തന്നേ എനിക്കു നേരിട്ടു; ഞാൻ ഭയപ്പെട്ടിരുന്നതു എനിക്കു ഭവിച്ചു”** (ഇയ്യോബ് 3:25)

പിശാചിന് ഏറ്റവും വലിയ ബലഹീനത അനുഭവപ്പെടുന്ന സമയം അവൻ വെളിച്ചത്താകുമ്പോഴാണ്.നമ്മുടെ ജീവിതത്തിൽ നിന്നും ദുരത്മാവിനെ അകറ്റുവാൻ വിടുവിക്കുന്നവനായ യേശുവിന്റെ രക്തത്തെയും നമ്മുടെ വിശ്വാസത്തെയും മുറുകെ പിടിക്കുവിൻ. അവൻ മുഖംമൂടി അണിഞ്ഞു നടക്കുന്ന വഞ്ചകനാണ്. 2 കൊരിന്ത്യർ 2:11 ൽ വിവരിച്ചിരിക്കുന്ന കാര്യത്തിനായി ദൈവത്തിനു നന്ദി പറയാം. “**സാത്താൻ നമ്മെ തോല്പിക്കരുത്; അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ**”. പിശാചുമായി ഇടപഴകുമ്പോഴും പിശാചുമായി ഏറ്റുമുട്ടുമ്പോഴുമെല്ലാം അവന്റെ വഞ്ചനയെക്കുറിച്ച് നാം വ്യക്തമായി അറിഞ്ഞിരി ക്കണം, അത് വളരെ പ്രധാനമാണ്.

## വാതിൽ കാവൽക്കാരൻ

തന്റെ യജമാനന്റെ മുന്നെ പോയി അദ്ദേഹത്തിനായി വാതിൽ തുറന്നു കൊടുക്കുക എന്നതാണ് വാതിൽ കാവൽക്കാരന്റെ മുഖ്യ ജോലി. ഭയമാണ് സാത്താന്റെ വാതിൽ കാവൽക്കാരൻ. തന്റെ നേട്ടങ്ങൾ വലുതാക്കണമെങ്കിൽ ഭയം സാത്താന് ആയുധമായി വേണം. സാത്താന്റെ കൂടെയുള്ളവരിൽ ഭയമാണ് അവന് ഏറ്റവും പ്രീയപ്പെട്ടത്. പിശാച് താൻ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യം അത് മുന്നോട്ടു പോകുന്നതിനുമുമ്പെ ആദ്യം അവതരിപ്പിക്കുന്നത് ഭയത്തിന്റെ ആത്മാവിനോടാണ്. ഭയം ഒരു ദുരാത്മാവാണ്. അത് പിശാചിന് ദൈവത്തിനെതിരെ വിത്തു വിതെയ്ക്കാൻ പാകത്തിന് നിലം പാകപ്പെടുത്തുന്നു. ഭയം സാത്താനു പ്രവർത്തിക്കാനുള്ള അന്തരീക്ഷവും സാന്നിദ്ധ്യവും മാദ്ധ്യമവും ചുറ്റുപാടും സൃഷ്ടിക്കുന്നു. ഇയ്യോബിന്റെ ചരിത്രത്തിൽ നോക്കുമ്പോൾ ഇത് സത്യമാണെന്ന് മനസ്സിലാകുന്നു... എന്താണോ ഞാൻ ഭയപ്പെട്ടിരുന്നത് അത് സംഭവിച്ചിരിക്കുന്നു. വിശ്വാസം ദൈവത്തിന്റെ അദൃശ്യമായ അനുഗ്രഹങ്ങളെ ജീവിതത്തിനു മുമ്പിൽ തുറന്നു കാണിക്കുന്നതുപോലെ ഭയം പൈശാചികതയുടെ കാണാത്ത കാര്യങ്ങളെ കാണുന്ന ലോകത്തിലേക്ക് കൊണ്ടുവരുന്നു. പിശാച് എല്ലാ തിന്മയും നാശവും ഒരു വ്യക്തിയുടെ ജീവിതത്തിലേക്ക് എത്തിക്കുവാൻ ഭയം ഒരു പാലമായി വർത്തിക്കുന്നു.

അനാവശ്യമായ ചിന്തകൾ മനുഷ്യഹൃദയത്തിൽ കൊണ്ടുവരിക എന്നതാണ് പിശാചിന് വഴിയൊരുക്കാൻ സഹായകമായിട്ടുള്ളത്. ഭയപ്പെടുത്തുന്ന ചിന്തകളെ എപ്പോഴും ചെറുക്കുക, നിരസിക്കുക, അകറ്റുക. ഒരിക്കലും സ്വീകരിക്കരുത്. യേശുവിന്റെ നാമത്തിൽ നിങ്ങളുടെ വിശുദ്ധി നിറഞ്ഞ ജീവിതത്തിലൂടെ ഈ ഭയത്തിന്റെ ആത്മാവിനെ തള്ളിക്കളയുക. ഭയത്തെക്കുറിച്ച് പറയാതിരിക്കുക. ഭയം പ്രകടിപ്പിക്കുന്നതിലൂടെ അതിനെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്.

## വളച്ചൊടിച്ച വാക്കുകൾ

“**ഇടവിടാതെ അവർ എന്റെ വാക്കുകളെ കോട്ടിക്കളയുന്നു; അവരുടെ വിചാരങ്ങളൊക്കെയും എന്റെ നേരെ തിന്മക്കായിട്ടാകുന്നു**” (സങ്കീർത്തനങ്ങൾ 56:5).

നമ്മിൽ പലർക്കും പല തരത്തിലാണ് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത്. നമ്മുടെ ജോലി സ്ഥലങ്ങളിൽ പറയാത്ത കാര്യങ്ങൾക്കാണ് നാം പഴി കേൾക്കുന്നത്. തന്റെ വാക്കുകൾ വളച്ചൊടിച്ച് കുറ്റക്കാരനാണെന്ന് കണ്ടെത്തിയ അനുഭവം ദാവീദിനുമുണ്ടായിരുന്നു. ഇത് ഒരു ദിവസത്തെ അനുഭവമല്ല, നിത്യ സംഭവമായിരുന്നു. നമ്മുടെ ദൈനംദിന ജീവിതങ്ങളിലും ഇത്തരം അപ്രതീക്ഷിത സാഹചര്യങ്ങൾ ഉണ്ടാകാമെങ്കിലും, ഈ തിന്മകളെയെല്ലാം നന്മയാക്കി മാറ്റുവാൻ കഴിയുന്ന ദൈവം നമ്മോടൊപ്പമുണ്ടെന്ന് നാം മറന്നുപോകരുത്. “**നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു; അവ എല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു**” (സങ്കീർത്തനങ്ങൾ 34:19). നാം കഷ്ടതയുടെ നടുവിൽ നടക്കുമ്പോൾ അത് ജീവിതത്തിന്റെ അവസാനമാണെന്ന് ധരിക്കരുത്. നേരുള്ളവൻ അനേകം കഷ്ടതകൾ അഭിമുഖീകരിക്കുന്നു എങ്കിലും ദൈവം അവനെ എല്ലാത്തിൽ നിന്നും വിടുവിച്ച് സന്തോഷത്തോടെ ജീവിക്കുവാൻ സഹായിക്കും എന്നു നാം മനസ്സിലാക്കണം. പക്ഷെ, നിങ്ങൾ നീതിമാനാണോ? കർത്താവായ യേശുക്രിസ്തു നിങ്ങളുടെ പാപങ്ങൾ മോചി ച്ചുതന്നിട്ടുണ്ടോ? നിങ്ങൾ ഒരു പാപവും ചെയ്യാതെ സത്യസന്ധമായ ജീവിതം നയിച്ചു കൊണ്ടിരിക്കുകയാണോ? ഇവയെല്ലാം വളരെ പ്രധാനമാണ്.

“**നീ ഞങ്ങളെ ക്ലേശിപ്പിച്ച ദിവസങ്ങൾക്കും ഞങ്ങൾ അനർത്ഥം അനുഭവിച്ച സംവത്സരങ്ങൾക്കും തക്കവണ്ണം ഞങ്ങളെ സന്തോഷിപ്പിക്കേണമേ**” (സങ്കീർത്തനം 90:15) എന്ന പ്രാർത്ഥനപ്രകാരം നമുക്കു നഷ്ടപ്പെട്ടതെല്ലാം മടക്കിനൽകാനും, അനുഗ്രഹങ്ങളും ദീർഘായുസ്സും നൽകാനും ദൈവം പ്രാപ്തനാണ്. നീതിമാനായിരുന്നുകൊണ്ട് നിങ്ങൾ കഷ്ടം സഹിച്ചാൽ നിങ്ങളുടെ ആയുസ്സ് വർദ്ധിക്കും. ഭയപ്പെടരുത്.

പ്രതികൂലത്തിന്റെ നാളുകളിൽ പ്രതികൂല ദിനങ്ങളിൽ

നിശ്ചയമായും ഞാൻ യേശുക്രിസ്തുവിൽ വിശ്വസിക്കും, നിശ്ചയമായും ഞാൻ യേശുക്രിസ്തുവിൽ വിശ്വസിക്കും

ഭയത്തിന്റെ നാളുകളിൽ, ഭയത്തിന്റെ നാളുകളിൽ

തീർച്ചയായും ഞാൻ യേശുക്രിസ്തുവിനെ സ്നേഹിക്കും, തീർച്ചയായും ഞാൻ യേശുക്രിസ്തുവിനെ സ്നേഹിക്കും.

നിങ്ങളുടെ വായിൽനിന്നുള്ള വിശ്വാസത്തിന്റെയും പ്രത്യാശയോടെയുമുള്ള വാക്കുകൾ നിങ്ങളുടെ ഹൃദയത്തിൽ സന്തോഷവും വിശ്വാസ്യതയും വർദ്ധിപ്പിച്ചുനൽകും.

സാധാരണ ഗതിയിൽ നാം വലിയ വിഷമത്തിൽ പെടുമ്പോൾ നമ്മുടെ വായിൽ നിന്നും വരുന്ന വാക്കുകൾ അത്ര നല്ലതാകണമെന്നില്ല. നാം വലിയ അനുഭവസമ്പത്തുള്ള ക്രിസ്ത്യാനികളാണെങ്കിലും നാം ചിലപ്പോൾ താഴെ പറഞ്ഞിരിക്കുന്ന രീതിയിൽ പ്രതികരിച്ചെന്നിരിക്കും.

1. കർത്താവ് എന്റെ പ്രാർത്ഥന കേട്ടില്ല (ഇയ്യോബ് 30:20)
2. കർത്താവിന് എന്നോടു ഒരു പരിഗണനയുമില്ല (ഇയ്യോബ് 30:20)
3. ദൈവം എന്നോട് ക്രൂരനാണ് (ഇയ്യോബ് 30:21)

*09-ാം പേജിൽ തുടരും...*



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)


## എന്റെ യുവത്വ ഹൃദയസ്പന്ദനവും രക്തചംക്രമണവും എന്റെ സൃഷ്ടാവായ യേശുവിനുവേണ്ടി മാത്രം!!

1967 ൽ ബഹുമാനമുള്ള സുവിശേഷകയായിരുന്ന സിസ്റ്റർ. ഏമിയമ്മാൾ സന്യാസിനി അമ്മാൾ നെയ്യൂർ മെമ്മോറിയൽ ഹാളിൽ മൂന്നു ദിവസത്തെ സുവിശേഷയോഗം നടത്തുകയുണ്ടായി. എന്റെ പ്രാഥമിക വിദ്യാഭ്യാസം ഈ സ്ഥലത്തായിരുന്നു. അവർ വളരെ പ്രായമുള്ള സ്ത്രീയായിരുന്നു. ബ്ര. മൈക്കേൽ ചെല്ലദുരൈ, ബ്ര. ജോൺ വിക്ലിഫ്, ബ്ര. ജോഷ്വ കോയിൽപിച്ചൈ തുടങ്ങിയ നസ്രേത്ത് പ്രെയർ ഫെല്ലോഷിപ്പ് ടീമംഗങ്ങളും മറ്റുള്ളവരും കടന്നുവരികയും ദൈവവചനം പ്രസംഗിക്കുകയും അവരുടെ സാക്ഷ്യങ്ങൾ പറയുകയുമുണ്ടായി.



*Sis. Emiyammal Sanyasini Ammal*

ഈ പ്രാസംഗികരെ ശുശ്രൂഷിക്കാൻ സിസ്റ്റർ. ഏമിയമ്മാൾ സന്യാസിനി അമ്മാൾ എന്നെ ചുമതലപ്പെടുത്തി. ഞാൻ അവർക്ക് വെള്ളം കൊടുക്കുകയും അവരുടെ തുണികൾ കഴുകിക്കൊടുക്കുകയും ഷൂസ് വൃത്തിയാക്കുകയും മറ്റു കാര്യങ്ങൾ അവർക്കുവേണ്ടി ചെയ്തുകൊണ്ട് അവരോടൊപ്പം തന്നെ ഉണ്ടായിരുന്നു. നെയ്യൂരിലെ ഡോക്ടർ ആയ ഡോ. അയ്യാദുരയുടെ ആംഗ്ലോ ഇൻഡിജിനസ് ക്ലിനിക്കിന്റെ മുകളിലത്തെ നിലയിലായിരുന്നു ഇവരുടെ താമസം. ഡോ. ഡി. അയ്യാദുര സുവിശേഷതൽപ്പരനും മിഷൻ പ്രവർത്തനത്തിന് സാമ്പത്തിക സഹായം നൽകുന്നവനുമായിരുന്നു. ശിശുവൈദ്യ ആശ്രമം എന്ന പേരിലുള്ള കുട്ടികളുടെ ആശുപത്രി നടത്തുന്ന ഡോ. ഡി. സൈമൺ, ഡോ. അയ്യാദുരയുടെ സഹോദരന് എന്നോടു വലിയ താൽപര്യമായിരുന്നു. ഒരിക്കൽ അദ്ദേഹം എന്നെ നോക്കി "നിന്നിൽ എന്തോ പ്രത്യേകതയുണ്ട്" എന്നു പറയുകയുണ്ടായി. അദ്ദേഹം എന്നെ അഭിനന്ദിച്ചു. എനിക്ക് അപ്പോൾ 18 വയസ്സായിരുന്നു.



*Bro. John Wycliffe*



*Dr. D. Ayyadurai*



*Dr. D. Simon*



*Bro. Joshua Gnanadurai, Bro. Michael Chelladurai, Mr. John Arputharaj*

നസറേത്ത് പ്രെയർ ഫെല്ലോഷിപ്പിന്റെ യുവ പ്രാസംഗികർ രക്ഷിക്കപ്പെട്ടതിനെക്കുറിച്ചും സിനിമ മുതലായ ലൗകിക പാപങ്ങളിൽ നിന്നും യേശുക്രിസ്തുവിലൂടെ വിടുതൽ പ്രാപിച്ചതിനെക്കുറിച്ചും പ്രസംഗിക്കുകയുണ്ടായി. യേശുക്രിസ്തുവിലൂടെ വിശുദ്ധ ജീവിതം നയിക്കുവാനും അതിലൂടെ ലഭ്യമാകുന്ന സന്തോഷത്തെക്കുറിച്ചും അവർ വിശദീകരിച്ചു.

യോഗങ്ങളുടെ അവസാനദിവസം എന്റെ പാപജീവിതത്തെക്കുറിച്ച് ഞാൻ ബോധവാനാകുകയും യേശുക്രിസ്തുവിനെ എന്റെ വ്യക്തിപരമായ രക്ഷകനായി സ്വീകരിക്കുകയും ചെയ്തു. പ്രയോജനപ്രദമായ ജീവിതം നയിക്കുവാനും ദൈവത്തിനുവേണ്ടി എന്തെങ്കിലുമൊക്കെ ചെയ്യുവാനും ഞാൻ ഉറച്ച തീരുമാനമെടുത്തു. ഈ വികാരം യേശുക്രിസ്തുവിനെ സേവിക്കുവാൻ എന്നെ പ്രേരിപ്പിച്ചു. ആ ദിവസം ഞാൻ എന്റെ പാപത്തെക്കുറിച്ച് അനുതപിച്ച്, ദൈവത്തോടു ഏറ്റുപറഞ്ഞ്, എന്റെ ജീവിതം യേശുക്രിസ്തുവിനായി സമ്പൂർണ്ണമായി സമർപ്പിച്ചു. രക്ഷയുടെ അനുഗ്രഹം ജീവിക്കുന്ന യേശുക്രിസ്തുവിൽനിന്നും എനിക്കു ലഭിച്ചു. "ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമർ 12:2).


ഈ യോഗങ്ങളുടെ അവസാനം നസ്രേത്ത് പ്രെയർ ഫെല്ലോഷിപ്പിന്റെ ദൈവദാസന്മാർ എന്നിൽ അഗാധമായ സ്നേഹവും കരുതലും വളർത്തിയെടുക്കുകയും അവരോടൊപ്പം അവരുടെ സ്ഥലത്തേക്ക് പോകാൻ എന്നെ ക്ഷണിക്കുകയും ചെയ്തു. അവരോടൊപ്പം പോകുവാൻ മാതാപിതാക്കൾ എനിക്ക് അനുവാദം നൽകി. അവർ എന്നെ തിരുനെൽവേലി ജില്ലയിലെ നസ്രേത്ത് എന്ന സ്ഥലത്ത് കൊണ്ടുപോയി. മിഷണറി സുവിശേഷകയായ സിസ്റ്റർ. ഏമിയമ്മാൾ സന്യാസിനിയും ഞങ്ങളോടൊപ്പമുണ്ടായിരുന്നു.

## പരമോന്നത അനുഭവം! നസറേത്ത് പ്രെയർ ഫെല്ലോഷിപ്പ്!!

അത് ഓലമേഞ്ഞ ഷെഡായിരുന്നു. ആ ഷെഡിൽ, മാർഗോഷിസ് സ്കൂളിലെയും കോളേജിലെയും ഉയർന്ന വിദ്യാഭ്യാസമുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരും പ്രഭാഷകരും മറ്റു നിരവധി വിശ്വാസികളും എല്ലാ ദിവസവും സായാഹ്ന യോഗങ്ങളിൽ പങ്കെടുക്കുമായിരുന്നു. ലളിതമായ പ്രഭാത ഭക്ഷണവും ഉച്ചയ്ക്ക് ചോർ, സാമ്പാർ, രസം, വെജിറ്റബിൾ സ്റ്റു, വെജിറ്റബിൾ സൂപ്പ് എന്നിവയായിരുന്നു ലഭിച്ചിരുന്നത്. രാത്രിയിലും രുചിയേറിയ രസവും ചോറുമൊക്കെയായിരുന്നു വിളമ്പിയിരുന്നത്. ഇത് എനിക്ക് അതിശയകരമായ അനുഭവമായിരുന്നു. കർത്താവിന്റെ സാന്നിദ്ധ്യം ആ ഓല മേഞ്ഞ ഷെഡിൽ രാവും പകലും ഉണ്ടായിരുന്നത് അനുഭവിച്ചറിഞ്ഞു. ആ സ്ഥലത്തുള്ള ദൈവദാസന്മാരുടെ ശീലങ്ങളും പ്രവർത്തനങ്ങളും എന്നെ ആകർഷിച്ചു. വളരെയധികം ആത്മീയമായ കഴിവുകളുള്ള അനേകം ദൈവദാസന്മാരും നേതാക്കളും അവിടെനിന്നും ഉയർന്നു വന്നിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കി. അവരെപ്പോലെയാകുവാനുള്ള ആഗ്രഹം ദിനംതോറും എന്നിൽ ശക്തമായിക്കൊണ്ടിരുന്നു.

## തേരിയിലെ അനുഭവം! ഒരു ഏകാന്ത സ്ഥലം!!

എല്ലാ അംഗങ്ങളും വൈകുന്നേരം 5 നും 8 നുമിടയ്ക്ക് **തേരി** എന്ന സ്ഥലത്ത് ഒന്നിച്ചു കൂടുമായിരുന്നു. അത് ചുവന്ന മണ്ണുള്ള ഏകാന്തമായ സ്ഥലമായിരുന്നു. അവിടെ അവർ വ്യക്തിപരമായ പ്രാർത്ഥനകൾ, ബൈബിൾ വായന, കൂട്ടപ്രാർത്ഥന, സാക്ഷ്യങ്ങൾ എന്നിവ ചെയ്യുമായിരുന്നു. അവർ എന്നെയും ആ പ്രാർത്ഥനകളിൽ പങ്കെടുക്കുവാൻ അനുവദിക്കുകയും, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ഒരു പ്രാർത്ഥനാനിർഭരമായ ജീവിതത്തിന്റെയും ജീവിതരീതിയുടെയും രഹസ്യം എന്നെ പഠിപ്പിക്കുകയും ചെയ്തു.



**Bro. John Koilpitchai**



**Bro. R. Stanley**
*(Blessing Youth Mission)*

അവരിൽ ചിലരെ ഞാൻ വ്യക്തമായി ഇപ്പോഴും ഓർക്കുന്നു. ബ്ര. ശാന്തകുമാർ, ബ്ര. ജേക്കബ് സെൽവരാജ്, ബ്ര. ജോൺ അർപ്പുതരാജ്, ബ്ര. പാക്യരാജ്, ബ്ര. ഫിലിപ്പ് ജയസിംഗ്, ബ്ര. ഗുണശേഖർ, ബ്ര. കുമാരദാസ് (തെങ്കാശി), ബ്ര. കുമാരദാസ് (ബാംഗ്ലൂർ), ബ്ര. ഇമ്മാനുവേൽ, ബ്ര. കുമാർ, ബ്ര. സ്റ്റാൻലി, ബ്ര. ദാനിയേൽ, ബ്ര. ഗിദയോൻ, ബ്ര. ശമുവേൽ, ബ്ര. തിമോത്തി, ബ്ര. മാണിക്കം, ബ്ര. കാലേബ് പോൾ പാണ്ഡ്യൻ, ബ്ര. ജോസഫ് ഗുണസിംഗ്, ബ്ര. റ്റൈറ്റസ് മറിയ സുന്ദരം, ബ്ര. ബെന്നി, ബ്ര. ജോതി പാണ്ഡ്യൻ തുടങ്ങിയവർ.

15 ദിവസങ്ങൾക്കുശേഷം സിസ്റ്റർ. ഏമിയമ്മാൾ സന്യാസിനി അമ്മാൾ എന്നെ തിരികെ കൊണ്ടാക്കാൻ വന്നു. ദൈവദാസന്മാർ കണ്ണീരോടെ എനിക്കുവേണ്ടി പ്രാർത്ഥിച്ചു.



*Nazareth Prayer Fellowship - 1967*

ആ സമയത്ത് ബ്ര. മൈക്കേൽ ചെല്ലദുരൈ, ബ്ര. ജോൺ വിക്ലിഫ്, ബ്ര. ജോഷ്വ ചെല്ലദുരൈ, ബ്ര. ജോൺ കോവിൽപിച്ചൈ, കൂടാതെ മറ്റു മുതിർന്ന അംഗങ്ങൾ എന്റെ തലയിൽ കൈ വച്ച് എനിക്കുവേണ്ടി പ്രാർത്ഥിച്ചു. ആ പ്രാർത്ഥനയ്ക്കിടെ ഒരാൾ ഇങ്ങനെ പ്രവചിച്ചു:



"പ്രിയ മകൻ സാം സെൽവരാജേ, നിന്നെ ഞാൻ എനിക്കായി തിരഞ്ഞെടുത്തിരിക്കുന്നു. ഞാൻ നിന്നിലൂടെ വൻ കാര്യങ്ങൾ ചെയ്യാൻ പോകുന്നു. ബൈബിളിലെ ശമൂവേലിനെപ്പോലെ പ്രവാചകനായും ശക്തനായ മനുഷ്യനായും ഉയർത്തും. നീ അനേകർക്കു ആഹാരം നൽകുന്ന പിതാവായിത്തീരും. നീ ദൈവത്തിന്റെ ദാസനായതിൽ ലജ്ജിക്കുകയില്ല. നീ കർത്താവായ യേശുവിന്റെ ധീരനായ നേതാവായിരിക്കും. ഞാൻ നിന്നോടുകൂടെയിരുന്ന് നിന്റെ ആഗ്രഹമെല്ലാം നിവർത്തീകരിക്കും. നീ ലോകത്തിലെ പല രാജ്യങ്ങൾ സന്ദർശിച്ച് ദൈവരാജ്യം നിന്നിലൂടെ സ്ഥാപിതമാക്കും. നിനക്ക് നല്ല ആരോഗ്യവും ദീർഘായുസ്സും നൽകും". "നീ എനിക്കു വില ഏറിയവനും മാന്യനും ആയി ഞാൻ നിന്നെ സ്നേഹിച്ചിരിക്കയാൽ ഞാൻ നിനക്കു പകരം മനുഷ്യരെയും നിന്റെ ജീവന്നു പകരം ജാതികളെയും കൊടുക്കുന്നു" (യെശയ്യാവ് 43:4).

അധികം താമസിക്കാതെ 1969 ൽ ദൈവത്തിന്റെ എളിയ ദാസനും ക്രിസ്തീയ മാസികയായ "ഹെറാൾഡ് ഓഫ് ഹിസ് കമിംഗി"ന്റെ എഡിറ്റർ-ഇൻ-ചീഫ് ആയ റവ. എസ്. ദേവദാസന്റെ അടുക്കൽ എന്നെ അയച്ചു. ദൈവം നല്ലവനാണ്.

*(...to be continued in August 2022 issue)*

---

*... 7-ാം പേജിന്റെ തുടർച്ച*

4. കർത്താവ് എന്നോട് ശത്രുവിനെപ്പോലെ പെരുമാറുന്നു (ഇയ്യോബ് 30:21)
5. ദൈവം എന്നെ ഉയർത്തിയിട്ട് താഴെയിറക്കി (ഇയ്യോബ് 30:22)
6. നന്മയ്ക്കു പകരം തിന്മയാണ് എനിക്കു ലഭിച്ചത് (ഇയ്യോബ് 30:26)
7. വെളിച്ചത്തിനുപകരം ഇരുട്ട് വന്നു (ഇയ്യോബ് 30:26)
8. ആരും അനുഭവിക്കാത്ത പ്രശ്നങ്ങൾ ഞാൻ അഭിമുഖീകരിക്കുന്നു
9. കഷ്ടതകളോടെ എന്റെ ജീവിതം അവസാനിച്ചു (സങ്കീർത്തനം 31:10)
10. എന്റെ നാളുകൾ ദാരിദ്ര്യത്തിലേക്ക് കടന്നിരിക്കുന്നു (സങ്കീർത്തനം 31:10)

നിങ്ങളും ഈ സാഹചര്യത്തിലാണോ? നിരുത്സാഹപ്പെടരുത്. കർത്താവ് നിങ്ങളോട് അത്ഭുതങ്ങൾ പ്രവർത്തിക്കും. പക്ഷെ ചില കാര്യങ്ങൾ നിങ്ങൾ ചെയ്യേണ്ടതായുണ്ട്.

1. അവിശ്വസ്തതയുടെ വാക്കുകൾ പറയാതിരിക്കുക. വിശ്വസ്തതയുടെയും പ്രത്യാശയുടെയും വാക്കുകൾ മാത്രം സംസാരിക്കുക.
2. വിശ്വാസത്തെ ആശയക്കുഴപ്പത്തിലാക്കുന്ന ആളുകളെ ഒഴിവാക്കുക. വിശ്വാസം ഉറപ്പിച്ചുതരുന്നവരുമായി മാത്രം സഹകരിപ്പിൻ. ഒരു സാക്ഷ്യ ജീവിതം നയിക്കാൻ യേശു ക്രിസ്തുവിനോട് അടുത്തു ചെല്ലുവിൻ.
3. നല്ലതു സംഭവിക്കാൻ സാദ്ധ്യതയില്ലെങ്കിലും അത്ഭുതം പ്രവർത്തിക്കുന്ന കർത്താവിലും അവന്റെ ശക്തിയിലും വിശ്വസിപ്പിൻ.

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

കർത്താവിനോട് പ്രത്യാശയോടെ പ്രാർത്ഥിപ്പിൻ. അവനിൽ മാത്രം ആശ്രയം വെയ്ക്കുവിൻ. തീർച്ചയായും അത്ഭുതം സംഭവിക്കും.

നിങ്ങളുടെ വിലാപം സന്തോഷമായി ത്തീരും (സങ്കീർത്തനം 30:11)

************

## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### *2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

YOU CAN SEND YOUR DONATION ONLINE ALSO

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th JUNE, 2022.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by him at **Echo of His Call Printers**, New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**